സ്കൂൾ ഡിജിറ്റൽ മാഗസിൻ

ജി എച്ച് എസ്
കൊടിയമ്മ

# തേൻമൊഴി

ലിറ്റിൽകൈറ്റ്സ്



# ആശംസ

കൊടിയത്തൂർ ഹൈസ്കൂൾ വിദ്യാർത്ഥികളുടെ
പഠനപ്രവർത്തനങ്ങളോടനുബന്ധിച്ച്
തേന്മൊഴി എന്ന ഡിജിറ്റൽ
മാഗസിൻ പുറത്തിറങ്ങുന്നത് വളരെയധികം
സന്തോഷം നൽകുന്നുണ്ട്.ആധുനിക
സാങ്കേതിക വിദ്യ ഫലപ്രദമായി
ഉപയോഗപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയ
മാഗസിൻ കുട്ടികളുടെ സർഗശേഷി
വളർത്തുന്നതിന് ഉപകരിക്കുന്നതാണ്.
ഇത്തരമൊരു മാഗസിൻ നിർമാണത്തിൽ
പങ്കാളികളായ വിദ്യാർത്ഥികളേയും
അദ്ധ്യാപകരെയും
അനുമോദിക്കുന്നതോടോപ്പം എല്ലാ വിധ
ആശംസകളും നേരുന്നു.

ഗിരീശൻ എം

ഹെഡ്മാസ്റ്റർ

ജി എച്ച് എസ് കൊടിയത്തൂർ

# എഡിറ്റോറിയൽ

ഒരായിരം സ്വപ്നങ്ങൾ കൊച്ചു ബാഗിലൊതുക്കി സ്കൂളിന്റെ പടികെട്ടുകടന്നു വന്നവരാണ് നാമെല്ലാവരും .സങ്കീർണ്ണമായ ജീവിതസാഹചര്യങ്ങളോട് പടവെട്ടി ഇണങ്ങിയും പിണങ്ങിയുമാണ് സ്കൂൾ ജീവിതം മുന്നോട്ടു പോവുന്നത് . അതിനിടയിൽ രൂപപ്പെടുന്ന ഓര്മകളുടെയും ഭാവനയുടെയും സഞ്ചയമാണ് ഈ മാഗസിനിലെ രചനകൾ. കുഞ്ഞു മനസ്സുകൾക്ക് സർഗാത്മക പാതയിൽ മുന്നേറാൻ സാധിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഈ മാഗസിൻ സമർപ്പിക്കുന്നു .

ആശംസകളോടെ
മാഗസിൻ റൈറ്റർ

# ഉള്ളടക്കം

01.ചരിത്രം
02.കറുത്ത രാത്രി
04.ഛായാ മരണം
06.Football
07.അഹങ്കാരിയായ രാജകുമാരൻ
11.ഹൈസ്കൂൾ ജീവിതം
12.Broken Heart
13.Step Mother
14.Shining Star
15.അമ്മയുടെ സ്നേഹം
16ബാല്യകാല സഖി
17.ചൈനീസ് സിൻഡ്രല്ല
18.ഓർമ്മ
19.കടങ്കഥകൾ
20അനുഭവക്കുറിപ്പ്
21Mangroves
22Blossoming self-love

# ജി എച്ച് എസ്

# കൊടിയമ്മ




1973 – ലാണ് കൊടിയമ്മയിൽ ഒരു സർക്കാർ എൽ.പി.സ്കൂൾ സ്ഥാപിതമാവുന്നത്.അടുത്തുള്ള പള്ളിയുടെ ഉടമസ്ഥതയിലുള്ള മദ്രസ്സ കെട്ടിടത്തിലാണ് ഇത് പ്രവർത്തനമാരംഭിച്ചത്. അന്ന് കന്നട,മലയാളം ഡിവിഷനുകൾ ഉണ്ടായിരുന്നു.കെ.ജനാർദ്ദന ആചാരിയായിരുന്നു ആദ്യത്തെ ഹെഡ് മാസ്റ്റർ. ആരിക്കാടി യു.പി. സ്കൂൾ ആയിരുന്നു തുടർ പഠനത്തിനുള്ള ഏക ആശ്രയം.1990 – ൽ കെ . ചന്ദ്രശേഖരൻ വിദ്യാഭ്യാസ മന്ത്രിയായിരുന്നപ്പോഴാണ് ഇത് യു.പി.സ്കൂളായി ഉയർത്തിയത്.മുസ്ലീംഭൂരിപക്ഷ പ്രദേശ- മാണ്.പഠിക്കാൻ കുട്ടികൾ ഇല്ലാത്തതു കാരണം കന്നട മീഡിയം പിന്നീട് നിർത്തലാക്കി.

## ഭൗതിക സൗകര്യങ്ങൾ

**1) Computer lab 2) Little kites club 3) Smart classrooms 4) Library 5)science lab**

# കറുത്തരാത്രി





ഒരിടത്ത് ഒരു കുട്ടിയുണ്ടായിരുന്നു അവന്റെ മാതാപിതാക്കൾ അവന് നഷ്ടപ്പെട്ടിരുന്നു .ആ ദിവസത്തെ കുറിച്ച് ഓർത്താൽ അന്നത്തെദിവസം അവന് ഉറക്കം ഉണ്ടാകുമായിരുന്നില്ല .ആ കുട്ടിയുടെ പേര് ആനന്ദൻ ,ആനന്ദിന് അഞ്ചു വയസ്സ് പ്രായമുള്ളപ്പോൾത്തന്നെ അവന് അവന്റെ മാതാപിതാക്കളെ നഷ്ടപ്പെട്ടു .എല്ലാ കുട്ടികളും വിഷുവിനും ഓണത്തിനും പുതുവസ്ത്രം ധരിച്ച് പോകുമ്പോൾ അവന് ആകെ ഉണ്ടായിരുന്നത് രണ്ട് വസ്ത്രമായിരുന്നു ,അതൊക്കെ ഓർത്തു അവന്റെ നെഞ്ച് നീറുകയാണ് .ആനന്ദനായിരുന്നു അവന്റെ ക്ലാസിൽ ഏറ്റവും കൂടുതൽ പഠിക്കുന്ന കുട്ടി .അവൻ അവന്റെ കഴിവുകൾ പഠിത്തത്തിലൂടെ തെളിയിച്ചു .അച്ഛന്റെ മരണശേഷം അവനെ സുശ്രൂഷിക്കാൻ ഒരു രക്ഷിതാവ് ഇല്ല .ഒരുപാട് യാതനകൾ സഹിച്ചു അവൻ വളർന്നു ,അവൻ അവന്റെ അച്ഛനെപ്പോലെ വലിയ പണക്കാരനായി മാറി .അവന് ഒരു സൽസ്വഭാവം ഉണ്ടായിരുന്നു! പാവങ്ങളെ സഹായിക്കാനും അവർക്കു ഭക്ഷണം നൽകാനുമുള്ള മനസ്സ് ഉണ്ടായിരുന്നു .പക്ഷെ അവന്റെ മനസ്സ് പ്രതികാര ദാഹിയായ ഒരു വന്യമൃഗത്തെപോലെയായിരുന്നു .

ഒരുദിവസം ആനന്ദൻ തന്റെ ഓഫീസിൽ ഇരുന്നു ഭക്ഷണം കഴിക്കുകയായിരുന്നു അപ്പോൾ , കുറച്ചു കുട്ടികൾ കാൽപന്ത്

കളിക്കുന്നത് അവന്റെ ദൃഷ്ടിയിൽ പതിഞ്ഞു അതിൽ ഒരു കുട്ടിയുടെ കാലിൽ മാത്രം ബൂട്ടുണ്ടായിരുന്നില്ല ബാക്കി എല്ലാവരുടെ കാലിലും ഉണ്ടായിരുന്നു അതുകൊണ്ട് അവനെ അവർ കളിക്കാൻ കൂട്ടിയില്ല. അതുകണ്ടപ്പോൾ ആനന്ദന്റെ മനസ്സിൽ താൻ സഹിച്ച യാതനകളും കഷ്ടപാടുകളുമെല്ലാം അവനോർമ്മവന്നു ഇതൊക്കെ അവനെ ആ രാത്രിയിലേക്ക് നയിച്ചു . അവന്റെ ജീവിതത്തിലെ "കറുത്ത രാത്രി " യിലേക്ക് .അവൻ എന്തോ ചിന്തിച്ചു കാറിൽ പോയി .അപ്പോൾ അവനു അവന്റെ ജീവിതത്തിലെ മറക്കാൻ പറ്റാത്ത കാര്യങ്ങൾ ഓർമ്മ വന്നു .

ആനന്ദിന്റെ അച്ഛൻ ഒരു വലിയ പണക്കാരനായിരുന്നു അതുകൊണ്ടു അവർക്ക് ഒരുപാട് ശത്രുക്കൾ ഉണ്ടായിരുന്നു .ഒരു ദിവസം ആനന്ദനും അവന്റെ അമ്മയും അച്ഛനും കാറിൽ പോവുകയായിരുന്നു അപ്പോൾ ,അവന്റെ അച്ഛന്റെ ബിസിനസിലെ ശത്രുവായ ഒരാൾ ഒരുപാട് ഗുണ്ടകളെ വിളിച്ചു അവരെ വധിക്കാൻ വന്നിരിക്കുന്നു. അവർ ആനന്ദിന്റെ അച്ഛന്റെ വെടിവച്ചു കൊന്നു അതുകണ്ട് ആനന്ദിന്റെ അമ്മ അവനെ എടുത്തു ഓടി പക്ഷെ ,ആ ദുഷ്ടന്മാർ അവന്റെ അമ്മയുടെ തലയ്ക്ക് ഇരുമ്പുകൊണ്ട് അടിച്ചു എന്നാലും അവന്റെ അമ്മ അവനെ ഒരു സുരക്ഷിതമായ സ്ഥലത്തെത്തിച്ച ശേഷമാണ് മരണപ്പെട്ടത് .അത് അവന് ഓർമ്മയുണ്ട് .

അതൊക്കെയോർത്ത് അവൻ കാറിൽ പോകുമ്പോൾ പെട്ടന്നവൻ ഒരു സ്ഥലത്തു നിന്നു,അവിടെ ഇറങ്ങി .അത് അവന്റെ അച്ഛനെയും അമ്മയെയും കൊലപ്പെടുത്തിയ സ്ഥലമായിരുന്നു അവിടെ നോക്കുമ്പോൾ ഒരു സ്പോർട്സ് കട ഉണ്ടായിരുന്നു അവൻ അവിടെ ചെന്നു,അവിടെ അവന് ഒരു വെളുത്ത ബൂട്ട് കണ്ടു അത് അവൻ എടുത്തു ആ വെള്ളാരങ്കല്ലുപോലെയുള്ള ജ്വലിക്കുന്ന ബൂട്ട് അവന്റെ മനസ്സിലെ കറുത്ത പാടുകളെ ജ്വലിക്കുന്ന വെള്ളാരങ്കല്ലുകളാക്കിമാറ്റി .അവൻ അത് കൊണ്ടുപോയി ആ ബൂട്ടില്ലാത്ത കുട്ടിക്ക് നൽകി അതിലൂടെ അവന്റെ പ്രതികാരം അലിഞ്ഞുപോയി .അതോടെ അവന്റെ ജീവിതത്തിൽ പുതിയൊരു അധ്യായം ആരംഭിച്ചു

-AHMED AFNAN




# ഛായമരണം

പ്രവീൺ ചന്ദ്രന്റെ ഒരു നോവൽ ആണ് ഛായാമരണം.എനിക്ക്
വളരെയധികം
ഇഷ്ടപ്പെട്ട ഒരു നോവലുകളിൽ ഒന്നാണ് ഛായാമരണം.ഈ കഥയിൽ കുറെ
കഥാപാത്രങ്ങളുണ്ട്.ഇതിലെ പ്രധാന കഥാപാത്രമാണ് പ്രൊഫസർ
സിദ്ദാർത്ഥൻ.ഈ കഥയുടെ തുടക്കം ആദിഥ്യൻ്റെ മരണവാർത്തയിലാണ്.
ആദിഥ്യന്റെ മരണം ഒരു കൊലപാതകമാണ്.അത് കണ്ടുപിടിക്കാനായ്
ശ്രമിക്കുന്നവരാണ് പ്രൊഫസറും സിസിലിയും.സിസിലി ഒരു
എഴുത്തുകാരിയും
പ്രൊഫസറിൻ്റെ കാമുകിയുമാണ്.പ്രൊഫസർക്ക് ഒരു ഭാര്യയും മകളും
ഉണ്ട്.
സിസിലിക്ക് ഒരു ഭർത്താവും മകളും ഉണ്ട്.ഭർത്താവ് മരിച്ചു.അങ്ങനെ ഇവർ
ആ കൊലപാതകത്തിൻ്റെ പിറകെ നടക്കുകയാണ്.ആദിഥ്യൻ്റെ
കാമുകിയാണ് നിമ്മി.എന്നാൽ നിമ്മി അവനെ റിജക്റ്റ് ചെയ്തു.അതോടെ
ആദിഥ്യൻ നിശബ്ദനായി.അതിനിടയിലാണ് ആദിഥ്യൻ കൊല്ലപ്പെട്ടത്.
അങ്ങനെ ഒരു ദിവസം ഒരു ഹോട്ടലിൽ വെച്ച് നിമ്മി കൊല്ലപ്പെട്ടു.
ആദിത്യന്റെ കൊലപാതകത്തെത്തുടർന്ന് അന്ന് ആദിഥ്യൻ കൊല്ലപ്പെട്ട
മുറിയിൽ അപ്പോൾ ഉണ്ടായിരുന്ന ആദിഥ്യന്റെ കൂട്ടുകാരായ
വെങ്കി,ദീപക്,മീര എന്നിവരെ ചോദ്യം ചെയ്യുന്നു.അങ്ങനെയിരിക്കെ
സിസിലി ആദിഥ്യൻ്റെ കൊലപാതകത്തെക്കുറിച്ച് നോവൽ എഴുതിയ
ലാപ്പിൽ മീരയാണ് കൊലപാതകി എന്ന് അവസാനത്തിൽ
എഴുതിയിരിക്കുന്നു.അങ്ങനെ പേടിച്ച് വിറച്ച സിസിലി പ്രൊഫസറിനെ

വിളിക്കുന്നു.പ്രൊഫസറിന്ടെ ഭാര്യ അരുണിമ ഇവരുടെ അവിഹിതം പിടിക്കുന്നു.അങ്ങനെ പ്രൊഫസറും അരുണിമയും സിസിലിയുടെ വീട്ടിലേക്ക് പോകുന്നു.അന്ന് രാത്രി പ്രൊഫസർ സിസിലിയുടെ
വീട്ടിലേക്ക് പോയപ്പോൾ സിസിലി കൊല്ലപ്പെട്ടിരിക്കുന്നു.അപ്പോൾ തന്നെ പ്രൊഫസർ നാട് വിടുന്നു.പോലീസ് പ്രൊഫസർനെ അന്വേഷിക്കുന്നു.കുറച്ച് ദിവസങ്ങൾക്ക് ശേഷം പ്രൊഫസറുടെ മകളായ മൃദുലയെ ഒരാൾ കൊല്ലാൻ
ശ്രമിക്കുന്നു.പ്രൊഫസർ ഈ കൊലപാതകങ്ങൾ എല്ലാം ഒന്ന് കൂട്ടിക്കുഴച്ചപ്പോൾ
ആരാണ് കൊലയാളി എന്ന് കണ്ടുപിടിച്ചു.അന്ന് തന്നെ പ്രൊഫസർ ആദിഥ്യന്റെ നാട്ടിലേക്ക് പോയി.അവിടെ വെച്ച് ആദിഥ്യനെ കാണുന്നു.പ്രൊഫസർ ആഥിത്യനോട് നീ എന്തിൻ വേണ്ടി ഇത് ചെയ്തു എന്ന് ചോദിച്ചു.അങ്ങനെ സംസാരിക്കുന്ന സമയത്ത് പ്രൊഫസർ ആതിഥ്യന്റെ കണ്ണുകളിലേക്ക് സൂക്ഷമമായി
നോക്കുന്നുണ്ടായിരുന്നു.കാരണം,പ്രൊഫസർക്ക് അറിയമായിരുന്നു തന്റെ മുമ്പിലിരിക്കുന്നത്  ഏത് നിമിഷവും ഇരയുടെ മേൽ ചാടാൻ കാത്തിരിക്കുന്ന ശത്രുവാണെന്ന്.അതിനിടയിൽ പ്രൊഫസറിന്റെ നോട്ടം അറിയാതെ മുറിയിലേക്ക് പോയി.പെട്ടന്ന് ആദിഥ്യൻ പ്രൊഫസറെ പിന്നിൽ നിന്നും ആക്രമിച്ചു.ആ സമയത്ത് പെട്ടന്ന് പോലീസ് വന്നു.ഓടാൻ ശ്രമിച്ച
ആതിഥ്യനെ പോലീസ് പിടിച്ചുകൊണ്ട് പോയി. ഈ കഥയുടെ ട്വിസ്റ്റ് എന്ന് പറയുന്നത് ആദ്യം ആരുടെ കൊലപാതകത്തെ തേടിയാണോ പോയത്അയാൾ തന്നെ മറ്റുള്ളവരുടെ കൊലപാതകൻ!

-Mariyamth shakira
9thA



# *FOOTBALL*

**mohammed hadhil**
**8th B**

In stadium vast , where dreams take flight
Amidst the roar of fans , bathed in stadium light
On fields of green , when heroes strive
Football s' passion  comes alive

With every kick and every pass
the crowed erupts a sea of class
from corner plays to goal line stands
each moments cherished by the fans

for in the game , where battles wages
On grassy fields upon the stage
courage meets skill , in every play
As player chase their dreams each day

From childhood dreams to grand acclaim
Football weaves its timeless frame
A tapestry of hope and might
Where victory shines in the night



So let the ball roll on its course
In very heart , it finds its source
For in the beautiful game were
The sprite of humanity

# അഹങ്കാരിയായ രാജകുമാരൻ

-Mashmooma
9th B





പണ്ട് പണ്ടൊരു രാജ്യത്ത് ഒരു രാജാവുണ്ടായിരുന്നു. ആ രാജാവ് ദയാശീലനും തന്റെ പ്രജകളോട് സ്നേഹ സമ്പന്നനുമായിരുന്നു. രാജാവിന്റെ ഭരണത്തിൽ ആ നാട്ടിലുള്ള പ്രജകളൊക്കെ സന്തോഷത്തിലായിരുന്നു. രാജാവിന്റെ ഏക പുത്രനായ ജെയിംസ് അഹങ്കാരനായിരുന്നു. താൻ സുന്ദരനായാട് കൊണ്ട്, മാത്രമല്ല ജനങ്ങളിൽ നിന്ന് തന്റേതല്ലാത്ത സാധനങ്ങൾ തട്ടിപ്പറിച്ചും ഉപദ്രവിച്ചും കഷ്ട്ടപ്പെടുത്തി. തന്റെ മകന്റെ ക്രൂര സ്വഭാവം കാരണം ജനങ്ങൾ ഇപ്പോഴും രാജാവിനോട് പരാതി പറയുമായിരുന്നു. രാജാവ് കഴിയുന്ന വിധം മകനെ മനസ്സിലാപ്പിക്കാൻ വേണ്ടി ശ്രമിച്ചു.പക്ഷെ ഒരു ഉപകാരവുമില്ലായിരുന്നു. ജെയിംസ് വേട്ടയാടുന്നതിൽ സമർത്തനായിരുന്നു . ഒരു ദിവസം ജെയിംസ് വേട്ടയാടാൻ വേണ്ടി കാട്ടിലേക്ക് പോയി .കുറച്ച് കഴിഞ്ഞപ്പോൾ ജെയിംസ് ക്ഷീണിതനായി.ആ സമയത്ത് അവൻ വിചാരിച്ചു. കാട്ടിലൊരു കൊട്ടാരം പണിയുവാൻ വേണ്ടി ,ക്ഷീണിക്കുമ്പോൾ വിശ്രമിക്കാൻ വേണ്ടിയായിരുന്നു. കാടിന്റെ ഒത്ത നടുവിലേക്ക് എത്തിയപ്പോൾ; അവനൊരു കൊച്ചു സുന്ദരമായ കുടിൽ കണ്ടു . അതിന്റെ ചുറ്റും പൂക്കളും

തോട്ടങ്ങളും കൊണ്ട് അലങ്കരിക്കപ്പെട്ടിരുന്നു. ആ സുന്ദരമായ കുടിൽ കാണുമ്പോൾ തന്നെ ജയിംസിന്റെ മനസ്സിൽ ഒരു ഉപായം വന്നു എത്രയും പെട്ടന്ന് തന്നെ ആ കുടിലിൽ താമസിക്കുന്നവരെ ഓടിപ്പിച്ച അത് സ്വന്തമാക്കണം എന്ന് . ജെയിംസ് ആ കുടിലിന്റെ വാതിലിൽ പോയി തട്ടി.അപ്പോൾ വാതിൽ തുറന്ന് ഒരു വൃദ്ധൻ പുറത്തു വന്നു . വൃദ്ധൻ ബഹുമാനത്തോടെ രാജാവിന്റെ മുമ്പിൽ വണങ്ങി . ശേഷം പറഞ്ഞു:
"തിരുമനസ്സേ, ഈ വന്നതിനുള്ള കാരണം എന്തായാലും എന്നോട് അറിയിക്കണം അതിന് ഈ പാവപ്പെട്ട എനിക്ക് കഴിയുന്നതാണെങ്കിൽ ഞാൻ നിർവഹിക്കും."
"ഈ സുന്ദരമായ കുടിൽ ആരുടേതാണ്?ആരുടേത് ആയാലും ഇതെനിക്ക് വേണം."
വൃദ്ധൻ മറുപടിയായി പറഞ്ഞത് "ഈ ചെറിയ കുടിൽ എന്റേതാണ് തിരുമനസ്സേ .എത്രയോ വലിയകൊട്ടാരമുള്ള അങ്ങേക്ക് എന്റെ ഈ ചെറിയ കുടിൽ എന്തിനാണ് .?"
"വേട്ട കഴിഞ്ഞ് വരുന്ന എനിക്ക് വിശ്രമിക്കാൻ വേണ്ടി!!. താങ്കൾക്ക് ഒരു ദിവസത്തെ സമയം തരാം അതിനുള്ളിൽ ഇവിടന്ന് വിട്ടോളണം. ഇതെന്റെ ഉത്തരവാണ്."
അപ്പോൾ ആ വൃദ്ധൻ കരഞ്ഞ് കൊണ്ട് അപ്പേക്ഷിച്ചു:
"എനിക്കും എന്റെ മകൾക്കും ഈ ചെറിയ കുടിലല്ലാതെ വേറൊരിടമില്ല.ദയവ് ചെയ്ത് എന്നെയും എന്റെ മകളെയും ഇവിടെ നിന്ന് ഓടിപ്പിക്കരുത്.വേണമെങ്കിൽ താങ്കൾക്ക് വെട്ടാകഴിഞ്ഞ് എപ്പോൾ വേണമെങ്കിലും ഇവിടെ വരാം, കൂടാതെ ആഹാരവും നൽകാം."
ജെയിംസ് കുറച്ച നേരം മൗനം പാലിച്ചു .പറ്റില്ല എന്ന പറയാൻ വന്നപ്പോൾ. വൃദ്ധന്റെ സുന്ദരിയായ മകൾ പുറത്തു വന്നു.
"എന്താണച്ഛാ പ്രശ്നം എന്ന ചോദിച്ചു."
ജെയിംസ് അവളെ കണ്ടപ്പോൾ പറയാൻ വന്ന കാര്യം മറന്ന് കരാറിന് സമ്മതിച്ചു. പിന്നെ ജെയിംസ് വേട്ടക്ക് പോകുന്നതും ലിസയുടെ വീട്ടിൽ പോവുന്നതും പതിവായി . അവളുടെ സൗന്ദര്യം ജെയിംസിനെ വശീകരിച്ചിരുന്നു.ജെയിംസ് വേട്ടക്ക് പോയില്ലെങ്കിലും ലിസയുടെ വീട്ടിൽ പോവുമായിരുന്നു അവളെ കാണാൻ വേണ്ടി.ഒരു ദിവസം ലിസയോട് ജെയിംസ് ചോദിച്ചു .
"എന്റെ കൂടെ വേട്ടക്ക് പോരുന്നോ?"

ആദ്യമൊക്കെ അവൾ നിഷേധിച്ചു. പിന്നെ അവൾ അതിനെ സമ്മതിച്ചു
അവന്റെ കൂടെ കാട്ടിലേക്ക് വേട്ടക്കായി പോയി .വേട്ടയാടുന്ന സമയത്ത്
അവിടെ അവർക്ക് വെളുത്ത ആട്ടിൻകുട്ടിയെ
കാണാനിടയായി.ജെയിംസ് ആട്ടിന്കുട്ടിയെ വിടാനൊരുങ്ങിയപ്പോൾ
ലിസ അതിന് സമ്മതിച്ചില്ല. അവൾക്ക് അതിനെ വല്ലാതെ
ഇഷ്ട്ടപെട്ടിരുന്നു കാരണം.അങ്ങനെ അവർ അതിനെ കൊണ്ട്
വീട്ടിലേക്ക് പോറുമ്പോൾ.ലിസ പറഞ്ഞു:
"ഇതാരുടേതെന്ന് അറിയാതെ എങ്ങനെ കൊണ്ടുപോറും".
ആ സമയത് ഒരു വൃദ്ദയായ സ്ത്രീ ആ വഴിയിലൂടെ നടന്ന പോകുന്നത് ലിസ
കണ്ടു.അവൾ ആ സ്ത്രീയോട് ചോദിച്ചു:
"മുത്തശ്ശി എന്താണ് അന്വേഷിക്കുന്നത്."
"ഞാൻ എന്റെ നഷ്ട്ടപെട്ട വെളുത്ത ആട്ടിൻ കുട്ടിയെയാണ് തിരയുന്നത്
എന്ന് പറഞ്ഞു."
തന്റെ ഉടമയുടെ ശബ്ദം കേട്ടതും ആട്ടിൻ കുട്ടി അലറി :
"ബഎഎഎഹ്ഹ്ഹ് .......!!!."
ആട്ടിൻകുട്ടിയെ കണ്ടതും വൃദ്ധ സന്തോഷത്തോടെ  പറഞ്ഞു
"എന്റെ മിന്നു നീ എന്നെ കഷ്ട്ടപ്പെടുത്തിക്കളഞ്ഞല്ലോ!!!"
വൃദ്ധ തന്റെ ആട്ടിൻകുട്ടിയെ തിരികെ ചോദിച്ചപ്പോൾ ജെയിംസ്
തടഞ്ഞു.
"ഞങ്ങൾ കണ്ടുപിടിച്ചത് നിങ്ങൾക്കോ?.അത് ചോദിയ്ക്കാൻ എങ്ങനെ
ധൈര്യം വന്നു."
ആ വൃദ്ധ കരഞ്ഞപേക്ഷിച്ചു ;
"ദയവായി ഇത് എനിക്ക് തരണം.ഇതാണെന്റെ ജീവിത മാർഗം."
അത് കേട്ടപ്പോൾ ലിസയ്ക്ക് വിഷമം തോന്നി.ആട്ടിന്കുട്ടിയെ തിരിച്ചു
ഏൽപ്പിക്കാൻ പോയപ്പോൾ ജെയിംസ് തടഞ്ഞു .അപ്പോൾ ലിസ
പറഞ്ഞു "ഞങ്ങളുടേത് അല്ലാതെ സാദനം ഒരിക്കലും തട്ടിപ്പറിക്കാൻ
പാടില്ല കാരണം അത് പിന്നീട് നമുക്ക് തന്നെ ദോഷമായി വന്നേക്കും."
അപ്പോൾ തന്നെ ലിസ വൃദ്ധക്ക് ആട്ടിൻക്കുട്ടിയെ തിരിച്ചു ഏൽപ്പിച്ചു . വൃദ്ധ
സന്തോഷത്തോടെ നന്ദി പറഞ്ഞു കൊണ്ട് പോയി.ഇത് കണ്ട ജെയിംസ്
ആശ്ചര്യത്തോടെ ലിസയോട് ചോദിച്ചു
"നിനക്ക് അത്രക്കും ഇഷ്ട്ടപ്പെട്ട ആട്ടിൻകുട്ടിയെ എന്ത് കൊണ്ട് തിരിച്ചു
കൊടുത്തു.അതിന് വല്ല കാരണവും ഉണ്ടോ."

"ഞാൻ ചെറിയേ കുട്ടിയായ സമയത് കാട്ടിലേക്ക് കളിയ്ക്കാൻ പോയപ്പോൾ ഒരു മുയലിനെ എനിക്ക് കണ്ടു. അപ്പോൾ തന്നെ മുയലിനെ വീട്ടിലേക്ക് കൊണ്ട് പോയി അമ്മയുടെ കയ്യിൽ കൊടുത്തു.അമ്മ സന്തോഷത്തോടെ മുയലിനെ വാങ്ങി സൂപ്പ് ഉണ്ടാക്കി പാകം ചെയ്ത് കഴിച്ചു.അപ്പോഴാണ് വീടിന്റെ വാതിൽ മുട്ടുന്ന ശബ്ദം കേട്ട് വാതിൽ അമ്മ തുറന്ന്.വാതിൽ തുറന്നത് ഒരു വൃദ്ധയായ മന്ത്രവാദിനി ആയിരുന്നു. മന്ത്രവാദിനിയായ വൃദ്ധ ചോദിച്ചു
എന്റെ മുയലിനെ ആരാണ് എടുത്തത്
അമ്മ തന്റെ മകളെ എന്തെങ്കിലും ചെയ്യാലോ എന്ന് പേടിച്ച് തെറ്റ് സ്വയം ഏറ്റെടുത്ത.മന്ത്രവാദിനി അമ്മയെ അപ്പോൾ തന്നെ മുയൽ ആക്കി.എന്നിട്ട് മുയലായ അമ്മയെ കൊണ്ടുപോയി .പിന്നെ എന്റെ അമ്മ തിരിച്ച വന്നില്ല.അപ്പോൾ മുതൽ ഞാൻ ഒരു പാഠം പഠിച്ചു അന്യന്റെ മുതൽ അനുവാദം ഇല്ലാതെ എടുക്കാൻ പാടില്ല.അത് കൊണ്ടാണ് ഞാൻ ആട്ടിൻകുട്ടിയെ തിരിച്ചു കൊടുത്തത്."

ഇത് കേട്ടതും ജെയിംസിന് തന്റെ തെറ്റ് മനസ്സിലായി. ജെയിംസ് കൊട്ടാരത്തിലേക്ക് തിരിച്ചു പോയി അവൻ ആരുടെയൊക്കെ സാദനം എടുത്തുവോ അവർക്കൊക്കെ തിരിച്ചു കൊടുത്തു മാപ്പ് ചോദിച്ചു.രാജാവ് തന്റെ മകനിൽ വന്ന മാറ്റത്തിന്റെ കാരണം അറിയുവാൻ വേണ്ടി മകനെ വിളിച്ചു. അപ്പോൾ ജെയിംസ് നടന്ന സംഭവം എല്ലാം പറഞ്ഞു.ഉടനെ തന്നെ ലിസയ കൊട്ടാരത്തിലേക്ക് വിളിപ്പിച്ചു പാരിദോഷികമായി സ്വർണ്ണം നാണയം കൊടുത്തു.പക്ഷെ അവൾ അത് നിരസിച്ചു. ആ സമയത്ത് ജെയിംസ് അച്ഛനോട് പറഞ്ഞു എനിക്ക് ലിസിയെ കല്യാണം കഴിക്കാൻ താൽപ്പര്യം ഉണ്ട്. രാജാവിന് അത് കേട്ട് സന്തോഷിച്ചു.രാജാവ് ലിസയോട് സമ്മതിം ചോദിച്ചു.ലിസാക്കും അതിന് സമ്മതമായിരുന്നു.ശേഷം അവരുടെ കല്യാണം ആഡംബരമായി നടന്നു.പിന്നീട് അവർ സന്തോഷത്തോടെ ജീവിച്ചു.ജെയിംസ് നല്ലൊരു രാജാവായി മാറി.

...ശുഭം...

# ഹൈസ്കൂൾ ജീവിതം




-Mashmooma 9th B



പ്രായം നാരുകൊണ്ടു വരുന്ന വരാഴ്ക്കാർ,
വിദ്യാർത്ഥിനിയും വിദ്യാർത്ഥിനും ഒന്നായി.
ചിരികൾ പൊലിച്ചു നടന്ന അകലെ,
അന്തസ്സിൽ കാലങ്ങൾ പോസ്റ്ററുകളായി
പുസ്തകങ്ങളും നോട്ടുകളും രംഗങ്ങളിൽ,
സഹോദരന്മാർ, സുഹൃത്തുക്കൾ,ഒന്നാകട്ടെ.
പ്രവർത്തനങ്ങളും പഠനങ്ങളും ചേർന്നു,
അനുഭവങ്ങൾ നിറച്ചു മറന്നു പോയി.
ക്ലാസ്സുകളും കാര്യാലയങ്ങളും ഗർഷുകൾ,
വിദ്യാർത്ഥിനികളുടെ മാസങ്ങൾ നിറഞ്ഞു.
പഠനങ്ങൾക്കു സമൃദ്ധമായ ആകാലം,
സ്നേഹം,ആത്മവിശ്വാസം ഉയരുത്തുന്നു.
പഠിച്ചുപോരുന്ന അനുഭവങ്ങൾ മറന്നു,
ജീവിതം ഒരു ജുഴിക്കാലായി.
സ്കൂൾ ജീവിതം, ഒരു പ്രണയം പോലെ,
സ്മൃതികൾ തീർത്തുപോരുന്ന കാലം.

# Broken Heart



-Fathimath Muhsina
9th B



I just don't know what is in the world,
The world is crying around me!
I love all the things in the world.
I love my self in whole world
I just cry & I just love
"I just make all things i love"
My heart is broken like a glass
My heart is just broken like a glass!!!

# *Step mother*



-Fathimath Muhsina
9th B



once upon a time there was a girl  lived . Her name was leena. Leena lost her mother.
Her father married another women who has two kids early .the step mother of leena
was very cruel and her step sisters are also very cruel .after the second marriage of the father, the father also hate leena but the leena still love father,mother and step sisters.
The mother didnt give food to leena . And make leena to do all the jobs of the house .
Leena was looking like a beauty queen .her hairs was like a golden star .the step sisters
of leena looking not very cute . So the step sisters and mother planned to kill leena .
the next leena was taking water from well .the sisters planned to put leena into well.
They pulled leena but leena moved accross the step sister fell to the well .the another sister shouted and cried loudly she not ready to help her .that time leena helped and saved the step sister . They understood their mistake and thanked leena.

**Don’t be cruel to anyone  !!**

# Shining star

-fathimath Muhsina 9th B





Yesterday i went outside
and i saw a star smiling on me
it was shining like a glitter
i saw my grandpas face on it
my mother teaches me your
grandpa is seeing you
in every time from the sky!!
but i dont believe
but the sky proved it
now my grand paa is a small
shining star on the moon!!!!!

# അമ്മയുടെ സ്നേഹം

-Mashmooma
9th B





കാരുണ്യമുള്ള കണ്ണീരിൽ മുഴങ്ങുന്ന സ്നേഹത്തിന്റെ
സ്വാന്തന വാക്കുകളിൽ അനന്തമില്ല
കൈകളിൽ ചെറു പ്രണയം കൊണ്ടുവരുന്ന,
അമ്മയുടെ സ്നേഹം മാതൃത്വത്തിന്റെ വിരാജ്യമാണ്.
അങ്ങനെയൊരു മാതാപ്പിതാവ്,
ജീവനുള്ള അമിത സൗഖ്യങ്ങളുണ്ടാകുന്നു
നിത്യസുറിയ പ്രഭ സ്നേഹമായി ചിരിക്കുന്നു,
അമ്മയെ സ്തുതിക്കുന്ന ഒരു  പദ്യം ഇതാ...

# ബാല്യകാലസഖി (ആസ്വാദനകുറിപ്പ്)

Mariyam iza
9th A





വൈക്കം മുഹമ്മദ് ബഷീർ എഴുതിയ സന്തോഷവും സങ്കടവും നിറഞ്ഞ നോവലാണ് ബാല്യകാലസഖി

ഈ നോവലിലെ കേന്ദ്ര കഥാപാത്രങ്ങളാണ് മജീദും സുഹറയും .ചെറുപ്പം മുതൽ അവർ

കാളിക്കൂട്ടുക്കാരായിരുന്നു . വളർന്ന് കൗമാരപ്രായത്തിൽ അവർ പരസ്പ്പരം ഇഷ്ടം തുറന്ന് പറയുന്നു .മജീദിനെ ഉപ്പ വീട്ടിൽ നിന്ന് പുറത്താക്കുന്നു .ഈ സന്ദർഭം വലിയ വിഷമം ഉളവാക്കുന്നതാണ് മജീദ് സുഹറയോട് പറയാതെ നാട്ടുവിട്ടുപോകുന്നു മാസങ്ങൾക്കുശേഷം തിരിച്ചെത്തി സുഹറയോട് സംസാരിക്കുന്നു .പിന്നീട് ജോലിക്ക് പോവുകയും അവിടെ അപകടത്തിൽ കാലുമുറിച്ചു കളയേണ്ടി വരുന്നു ദുരന്തപൂർണ്ണമായ നോവൽ വായനക്കാരനെ ഏറെ സങ്കടപെടുത്തും മജീദ് ഒരിക്കൽ വീട്ടിലേക്ക് വിളിച്ചപ്പോൾ സുഹ്റ മരിച്ച വിവരം അറിയുന്നു .ഈ സന്ദർഭം ഏറ്റവും വേദനയുള്ളതാണ്.

നമ്മൾ ആഗ്രഹിക്കുന്ന കാര്യങ്ങൾ ലഭിക്കണമെന്നില്ല എന്നാൽ ഒരു യാഥാർഥ്യമാണ് .നമുക്ക് എത്ര പ്രിയപ്പെട്ടതാണെങ്കിലും അത് കൈക്കലാക്കാൻ നമുക്ക് സാധിക്കണമെന്നില്ല എന്ന വലിയ തത്ത്വ വേദനയോടെ അവതരിപ്പിക്കുന്ന നോവലാണ് ബാല്യകാലസഖി .

# ആസ്വാദന കുറിപ്പ്
# (ചൈനയിലെസിൻഡ്രേല്ല )




-Mohammed saleeth
9th A



അഡെലിൻ യെൻ മാഹിന്റെ പ്രശസ്തമായാ ഒരുആത്മകഥാരൂപമായ നോവലാണ് ചൈനയിലെ സിൻഡ്രേല്ല .തന്റെ 'അമ്മ മരിച്ചു അച്ഛൻ രണ്ടാം വിവാഹം കഴിച്ചു .അങ്ങനയായപ്പോൾ എനിക്ക് എന്റെ ബാബാ അമ്മായിയും മുത്തശ്ശനും മുത്തശ്ശിയുമായിരുന്നു എന്നെ സംരക്ഷിക്കുന്നത് .അങ്ങനെ അച്ഛൻ രണ്ടാനമ്മയെ കൊണ്ട് ഷെങ്കോങ്ങിലേക്ക് പോയി .പിന്നീട് അച്ഛൻ ഞങ്ങളെയും വിളിച്ചു അഡെലിന്റെ മൂത്ത കറ്റാനും ചേച്ചിക്കും അഡെലിനെ ഇഷ്ടമായിരുന്നില്ല .മൂന്നാമത്തെ ചേട്ടൻ എന്നെ വളരെയധികം സ്നേഹിച്ചു .രണ്ടാനമ്മ നിയാങ് എന്നെ ഇഷ്ടപ്പെട്ടിരുന്നില്ല .ഞങ്ങളെ ഉയർന്ന സ്കൂളുകളിൽ ചേർത്തു .ചേട്ടന്മാരും ചീച്ചിമാരും സ്കൂൾ വനിലൊക്കെ പോയി ഞാൻ നടനായിരുന്നു പോയത് വഴി തെറ്റാതിരിക്കാൻ അച്ഛൻ മാപ് തന്നിരുന്നു .എനിക്ക് കിട്ടിയ പി .എൽ .റ്റി യെ അച്ഛൻ നായയെ പരീക്ഷിക്കാൻ കൊണ്ട് പോയി .നായ കുതിച്ചു വന്നു പി .എൽ .റ്റി യെ വായയുടെ അകത്താക്കി അബദ്ധവശാൽ താറാവ് രക്ഷപെട്ടു .പിറ്റേന്ന് താറാവ് ചത്തു .അതെനിക്ക് സഹിക്കാൻ കഴിഞ്ഞില്ല .പിന്നെ അച്ഛന് രണ്ടാനമ്മയും അഡെലിനെ ബോർഡിങ് സ്കൂളിൽ ചേർതു പിന്നീട് ഒരിക്കലും അവർ എന്നെ വിളിച്ചില്ല .അവിടത്തെ കന്യാസ്ത്രീകളായിരുന്നു സംരക്ഷിച്ചത് .ഒരിക്കൽ അമ്മായിയുടെ കത്ത് എനിക്ക് കിട്ടി അതിൽ എന്നെ ആശംസിച്ചാണ് നിറുത്തിയത് .


# ഓർമ്മ



ഓർക്കയാണിന്നു ഞാൻ
ഓർമയിൽ നെയ്തൊരാ
കൗമാര കാലത്തിൻ കാലൊച്ചകൾ
ജീവിതച്ചുമരുകൾ എന്നെ തഴുകുന്നു
കൂട്ടിനായി നീവരു പാട്ടുകാരാ
നീതന്ന പൂക്കളും ഞാവല്പഴങ്ങളും
എല്ലാം ഒരു ഓർമയായി മാറിടുന്നു
പൂക്കളായി പുഴകളായി
പുലരിയായി മഴകളായി
നീമാത്രമാണെനിക്കാനന്ദമായി

-REJOY

# കടങ്കഥകൾ




1.ഞെട്ടില്ല വട്ടേല ?
=പപ്പടം

2.അടിപാറ ,നടുവടി ,മീതെ കുട ?
=ചേന

3.ഉണ്ടാക്കുന്നവർഉപയോഗിക്കുന്നില്ല,ഉപയോഗിക്കുന്നവൻ അറിയുന്നില്ല ?
=ശവപ്പെട്ടി

4.എന്നെതൊട്ടുകൂട്ടും ,പക്ഷെ സദ്യക്കെടുക്കില്ല ?
=കാൽക്കുലേറ്റർ

5.കണ്ടാലൊരുവണ്ടി ,തൊട്ടാൽ ഒരു ചക്രം ?
=തേരട്ട

6.കാലുപിടിക്കുന്നവനെ സംരക്ഷിക്കും ?
=കുട

7.മലയിലെ അമ്മക്ക് നെറുകയ്യിൽ പൂവ് ?
=കൈതച്ചക്ക

8.അടിവെച്ചു അടിവെച്ചു കയറ്റം കിട്ടുന്ന ജോലി ?
=തെങ്ങുകയറ്റം


9.വിശപ്പുള്ള രാജ്യം ?
=ഹംഗറി

10.ദൈവം മനഷ്യൻ കൊടുത്ത ഏറ്റവും വലിയ വരം ?
=വിവരം

# അനുഭവക്കുറിപ്പ്



-ANA AYSHA
10thB



നമ്മുടെ നാട്ടിൽ മാലിന്യങ്ങളും പ്ലാസ്റ്റിക്ക്  കവറുകളും വഴിയോരങ്ങളിൽ
വലിച്ചെറിയുന്നത് സാധാരണ
ജനങ്ങളുടെ പതിവ്. ഞാൻ ഒരു വേനലവധി ദിവസം ഗോവയിൽ
പോയപ്പോൾ അവിടെ കണ്ടകാഴ്ച്ച
എന്നെ സ്വാധീനിച്ചു. ഒരു അമേരിക്കൻ പൗരൻ കത്തിച്ച
തീപ്പെട്ടിക്കമ്പുമായി ദൂരെയുള്ള വേസ്റ്റ്ബിന്നിൽ
ഇട്ടു. ആ കാഴ്ച കണ്ട് ഞാൻ അത്ഭുതപ്പെട്ടു. ഞാൻ അദ്ദേഹത്തോട്
സംസാരിച്ച് പരിചയപ്പെട്ടു.അദ്ദേഹത്തെ
അഭിനന്ദിക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു. ഞാൻ ഒരു ചെറിയ
സാധനം പോലും വലിച്ചെറിയില്ല എന്നതാണ് എന്റെ പ്രതിജ്ഞയാണ്.
ഓരോരുത്തരും ഇതുപോലെ ദൃഢനിശ്ചയം ചെയ്തിരുന്നെങ്കിൽ
നമ്മുടെ നാട് എത്ര സുന്ദരമായേനേ.
ഓരോ പ്ലാസ്റ്റിക്കുകളും ഭൂമിക്കെതിരെയുള്ള അമ്പുകളാണ്. ആ
അമ്പുകൾ തുളച്ച് കേറി ദിനം തോറും ഭൂമി നശിച്ചു
കൊണ്ടിരിക്കുകയാണ്.

# MANGROVES



*Mangrove forests help in controlling Tsunami to some extend . Bamboo forests , reed grass , vetiver , lemongrass etc . Protect the river banks from collapsing during flood . Trees and bushes in mountains and hills prevent soil erosion and landslide*



# Blossoming self-love

*-Mashmooma* 9th B





ONCE UPON A TIME THERE WAS A LITTLE FLOWER IN A BIG GARDEN. THE FLOWER SAW OTHER FLOWERS BEING ADMIRED FOR THEIR COLOURS AND SHAPES. FEELING SAD;THE LITTLE FLOWER ASKED THE WISE OLD TREE FOR ADVICE THE TREE SAID.''TO BE TRULY;YOU ,MUST FIRST LEARN TO LOVE YOURSELF; APPRECIATE YOUR OWN PETALS ; AND EMBRACE YOUR UNIQUENCESS.''
THE LITTLE FLOWER STARTED TO APPRICIATE ITS OWN BEAUTY AND SOON ; OTHERS NOTICED ITS VIBRANT COLOUR TOO. THE MORAL THE STORY IS:

***'before expecting love from others, learn to love and appriciate your self ''***